(ബി) 3 സർവ്വീസുകൾ നിറുത്തലാക്കിയിട്ടുണ്ട്. (അതിൽ ഒരെണ്ണം കായംകുളം, ഗുരുവായൂർ പുനരാരംഭിച്ചിട്ടുണ്ട്.)

(സി) കായംകുളം-കുമളി സർവ്വീസ് 17.6.2000-ൽ ആരംഭിച്ചു കഴിഞ്ഞു. കായംകുളം-മാവേലിക്കര-തിരുവല്ല-ചങ്ങനാശ്ശേരി-കോട്ടയം സർവ്വീസ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സ്പ്രസ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് കാരയ്ക്കാട് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

103(1035)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജക മണ്ഡലത്തിൽ എം.സി. റോഡിൽ ചെങ്ങന്നൂരിനും പന്തളത്തിനും മദ്ധ്യേ കാരയ്ക്കാട് ജംഗ്ഷനിൽ എക്സ്പ്രസ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ നിറുത്തുന്നില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) കാരയ്ക്കാട് ജംഗ്ഷനിൽ ഇറക്കുന്നതിനുപകരം രാത്രി സമയങ്ങളിൽപോലും സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാരെ ചെങ്ങന്നൂരിൽ ഇറക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എല്ലാ എക്സ്പ്രസ്സ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്കും കാരയ്ക്കാട് സ്റ്റോപ്പ് അനുവദിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ മാത്രമേ എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പനുവദിക്കാൻ നിർവ്വാഹമുള്ളൂ. ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് കാരക്കാട് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ആശുപത്രി-വായ്പ്പറമ്പ് വഴി അഴിക്കൽ ഭാഗത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്.

104(1037) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആശുപത്രി വായ്പറമ്പ് വഴി അഴീക്കൽ ഭാഗത്തേയ്ക്ക് 1998 മുതൽ നിലവിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ റൂട്ടിലെ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരുമാനം കുറവായതിനാലാണ് സർവ്വീസ് നിറുത്തലാക്കിയത്.

(ബി) സ്വകാര്യ ബസ്സുകൾ ധാരാളമുള്ള റൂട്ടാണ്.

(സി) സ്വകാര്യ ബസ്സുകളുടെ കടുത്ത മത്സരമുള്ള റൂട്ടാണിത്. ദേശസാൽകൃത മേഖലയിൽപ്പെടാത്ത വരുമാനം കുറഞ്ഞ സർവ്വീസുകൾ പിൻവലിച്ച് ദേശസാൽകൃത മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുക എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly